HON'BLE MR. V. O. MARKOS: അതെ. എന്നാൽ തക്കമുള്ള കേസുകളെ സംബന്ധിച്ചിടത്തോളം അങ്ങനെ സാധിക്കയില്ല.

തൊഴിലാളികളുടെ ബോണസ്സ്.

*149. MR. WILSON PETER (*Shertallai III—L. C. Reserved*): താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ ?

ഫാർമ്മു മുതലുള്ള 8 ശതമാനം ബോണസും, ഫാർവേ മേയ് മുതൽ ഇൻഡ്യാ ഗവണ്മെൻറനുവദിച്ച രണ്ടണ സ്പെഷ്യൽ അലവൻസും പല തോട്ടം അധികാരികളും ഇന്നും കൊടുത്തിട്ടില്ല എന്നതു ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN: ചുരുക്കം ചില ചെറിയ തോട്ടം ഉടമസ്ഥന്മാർ ഈ വിഷയത്തിൽ അമാന്തം കാണിച്ചതായി അറിവു ലഭിച്ചിട്ടുണ്ട്.

ചേർത്തലയിലെ വിദ്യാർത്ഥിമർദ്ദനം.

* 150. MR. WILSON PETER: ചേർത്തല ക്യാമ്പുചെയ്യുവരുന്ന ചില പോലിസ് കാൻസ്റ്റബിൾമാർ മദ്യപിച്ചുകൊണ്ട് ഒരു വിദ്യാർത്ഥിയെ കഠിനമായി കയ്യേറ്റം ചെയ്തതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI: Police Constables Nos. 4795 and 4840 concerned in the affair were suspended for a fortnight and one month respectively.

പ്രൈമറിസ്കൂളുകളിലെ ശമ്പളത്തോത്.

*151. MR. K. K. CHELLAPPAN PILLAI [*Mavelikara II—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദയവായി മറുപടി പറയുമോ ?

(എ) പ്രൈമറിസ്കൂളുകളിലും, മിഡിൽ സ്കൂളുകളിലും നിലവിലിരിക്കുന്ന ശമ്പളത്തോതിന്റെ ക്രമകരണത്തിലുള്ള ന്യൂനതകൊണ്ട് അദ്ധ്യാപകന്മാർക്കുള്ള വിഷമതകളെപ്പറ്റി ഗവണ്മെൻറിനറിയുമോ ?

(ബി) അറിയാമെങ്കിൽ അതിന്റെ പരിഹാരത്തിനുവേണ്ടി എന്തു നടപടി നടത്തിയിട്ടുണ്ട്.

HON'BLE MR. N. KUNJURAMAN: (*a*) yes.

(*b*) The question of revision of salaries of such teachers is being considered.

LIBRARY ARCHIVES Kerala Legislative Assembly